# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1539

06.03.2017 – ൽ
മറുപടിക്ക്

### അഗ്രിഫാമുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

**ചോദ്യം**
ശ്രീ.മുരളി പെരുനെല്ലി

**മറുപടി**
ശ്രീ.വി.എസ്.സുനിൽ കുമാർ
(കൃഷി വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) സംസ്ഥാനത്തെ അഗ്രിഫാമുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | എ) സംസ്ഥാനത്തെ അഗ്രിഫാമുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി 2016-17 സാമ്പത്തിക വർഷത്തിൽ 200 ലക്ഷം രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഫാമുകളുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കൽ, ജലസേചനം, മണ്ണുസംരക്ഷണം, പോളീഹൗസ് നിർമ്മാണം ഉൾപ്പെടെയുള്ള ഹൈടെക് ഫാമിംഗ്, മികച്ച വിത്തിനങ്ങളുടെ ഉപയോഗം, മേൽത്തരം നടീൽ വസ്തുക്കളുടെ ഉല്പാദനം, യന്ത്രവത്ക്കരണം തുടങ്ങിയവയാണ് ഇതിൽ ഊന്നൽ നല്കിയിട്ടുള്ളത്. കേന്ദ്ര സർക്കാർ സ്ഥാപനമായ WAPCOS-ന്റെ സഹായത്തോടെ കൃഷി വകുപ്പിന്റെ കീഴിലുള്ള അഗ്രോഫാമുകൾ ശാസ്ത്രീയമായി നവീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഇതിന്റെ ആദ്യഘട്ടമായി നെല്ലിയാമ്പതി ഓറഞ്ച് ഫാം, നേര്യമംഗലം ഫാം എന്നിവ പൈലറ്റ് പദ്ധതിയായി തുടങ്ങാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. WAPCOS-ന്റെ ഡയറക്ടർ അടക്കമുള്ള ഉന്നത സംഘം നെല്ലിയാമ്പതി ഫാം സന്ദർശിക്കുകയും കൃഷി വകുപ്പുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്തിരുന്നു |
| ബി) അഗ്രിഫാമുകളുടെ കീഴിലുള്ള സ്ഥലങ്ങളിൽ കൃഷി ഇറക്കാതെ തരിശിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) അഗ്രിഫാമിന്റെ കീഴിൽ വന്യമൃഗങ്ങളുടെ ഉപദ്രവം മൂലം കൃഷി ചെയ്യാൻ പ്രയാസമുള്ള സ്ഥലങ്ങളൊഴികെ എല്ലാ സ്ഥലത്തും കൃഷി ചെയ്തു വരുന്നു. |
| സി) അഗ്രിഫാമുകളുടെ കൈവശമുള്ള സ്ഥലങ്ങളിൽ പൂർണ്ണമായും കൃഷി ഇറക്കാനും അത്യുല്പാദന ശേഷിയുള്ള വിത്തുകളുടെ ലഭ്യത ഉറപ്പാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ? | സി) അഗ്രിഫാമുകളുടെ കൈവശമുള്ള സ്ഥലത്ത് പൂർണ്ണമായും കൃഷി ഇറക്കാൻ ശ്രദ്ധിക്കുന്നുണ്ട്. സംസ്ഥാനത്തെ കൃഷി വകുപ്പിന്റെ കീഴിലുള്ള 10 ജില്ലാ ഫാമുകൾ, 33 നെൽവിത്ത് ഉല്പാദന കേന്ദ്രങ്ങൾ 13 സ്പെഷ്യൽ ഫാമുകൾ, 8 കോക്കനട്ട് നഴ്സറികൾ എന്നിവയിലൂടെ ഗുണനിലവാരമുള്ള അത്യുല്പാദന ശേഷിയുള്ള നെൽ വിത്തിനങ്ങൾ, പച്ചക്കറി വിത്തുകൾ, സങ്കരയിനം തെങ്ങിൻതൈകൾ, ഗ്രാഫ്റ്റുകൾ, ലെയറുകൾ എന്നിവ ഉൾപ്പെടെയുള്ള വിവിധ ഇനം നടീൽ വസ്തുക്കൾ ഫാമുകളിൽ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ